(സി) റോഡ് നിർമ്മിക്കാൻ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ അനുമതി നൽകിയിട്ടുണ്ട്. ഇതിനാൽ ch 2/255 to 3/465 വരെയുള്ള 1260 മീറ്റർ നീളത്തിൽ പ്രവൃത്തി നടത്താൻ ചീഫ് എഞ്ചിനീയർ (പി.എം.ജി.എസ്.വൈ.) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സി-ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി

8 (4043) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് ആരെങ്കിലും കത്ത് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ ഏത് ഏജൻസിയാണ് അന്വേഷണം നടത്തിയിട്ടുള്ളത് ; അന്വേഷണ ഏജൻസി പ്രാഥമിക റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) അന്വേഷണ റിപ്പോർട്ടിൽ എന്തൊക്കെ കണ്ടെത്തലുകളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) സി-ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി സംബന്ധിച്ച് സംസ്ഥാന വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ (CITU) എന്ന സംഘടന നിവേദനം നൽകിയിട്ടുണ്ട്. നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ഡി-ഡിറ്റിലെ കൊറിയർ ഇടപാട് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ താഴെപ്പറയുന്നു :

1. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ലംഘിച്ച് കൊറിയർ ഏജൻസിയെ തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം തേടേണ്ടതാണ്.

2. കൊറിയർ സ്ഥാപനത്തെ തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുന്ന പ്രക്രിയയിൽ പങ്ക് വഹിച്ച ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുക.

3. കൊറിയർ ഏജൻസിയുടെ മേൽവിലാസം പരിശോധിക്കാൻ ബാധ്യസ്ഥരായിരുന്ന എന്നാൽ കൃത്യം നിർവ്വഹിക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുക.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. പ്രസ്തുത ഇടപാടിലെ എല്ലാ നടപടിക്രമങ്ങളും സി-ഡിറ്റിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും സൂക്ഷ്മ പരിശോധന നടത്തിയശേഷം മാത്രം പ്രസ്തുത കൊറിയർ ഏജൻസിക്ക് നൽകാൻ തുക ബാക്കി ഉണ്ടെങ്കിൽ അത് നൽകാൻ പാടുള്ളൂ.

5. ഗവേണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗങ്ങൾ ഇടയ്ക്കിടെ ചേരേണ്ടതാണ്.

മേൽപ്പറഞ്ഞ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

ഹാഡ പദ്ധതിയിൻകീഴിലുള്ള മരാമത്ത് പ്രവൃത്തികൾ

9 (4044) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാഡ (ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി) പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ വിവിധ മണ്ഡലങ്ങളിലായി എത്ര രൂപയുടെ മരാമത്ത് പ്രവർത്തികൾക്ക് 2015-16-ൽ ഭരണാനുമതി നൽകിയിട്ടുണ്ട് ; നിയോജകമണ്ഡലം തിരിച്ച് വിശദാംശം നൽകാമോ ;

(ബി) എം.എൽ.എ.-മാർ മുഖേന ലഭിച്ച പ്രൊപ്പോസലുകളിൽ ഭരണാനുമതി നൽകുമ്പോൾ ഈ വിവരം അതാതു എം.എൽ.എ.-മാരെ അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഒഴിവാക്കുമോ ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം ഹാഡ പദ്ധതിയിൻകീഴിൽ നാളിതുവരെ മരാമത്ത് പണികൾക്കായി ഭരണാനുമതി ഒന്നും നൽകിയിട്ടില്ല.

(ബി) മേലിൽ എം.എൽ.എ-മാരെ നിർബന്ധമായും വിവരം അറിയിക്കുന്നതാണ്.

മലയോര വികസന ഏജൻസി

10 (4045) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന ഏജൻസിയുടെ പ്രവർത്തനത്തിനായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly